# ഭരണകൂടത്തിന്റെയും പുരുഷാധിപത്യസമൂഹത്തിന്റെയും ഭയപ്പെടുത്തലിന്റെ പാഠങ്ങൾ

പ്രമേയത്തിന്റെ ജീവിതഗന്ധംകൊണ്ട് വായനക്കാരെ ആകർഷിക്കുന്ന കഥാകൃത്താണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്. ആഖ്യാനരീതികളേക്കാൾ, വൈവിധ്യമാർന്ന ജീവിത ചിത്രീകരണത്തിലൂടെയാണ് ശിഹാബുദ്ദീന്റെ കഥകൾ സവിശേഷമാകുന്നത്. അദ്ദേഹത്തിന്റെ കഥകളിലെ പല കഥാപാത്രങ്ങളും ബഹിഷ്കൃതസ്വത്വം ഉള്ളവരാണ്. പരാജയപ്പെട്ടുമെന്നറിഞ്ഞുകൊണ്ടുപോലും അവർ പ്രതിഷേധിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നു. ചിലരെ സമൂഹം ഉന്മാദികളാക്കി മാറ്റുന്നു. പുതുകാലത്തിന്റെ സ്പന്ദനം പുതു കഥകളിലും കാണാം. ശിഹാബുദ്ദീന്റെ സമീപകാലത്ത് പ്രസിദ്ധീകരിച്ച 'മതഭ്രാന്തൻ', ' ഒരു പാട്ടിന്റെ ദൂരം' എന്നീ കഥകളിൽ സമൂഹത്തിന്റെ ഹിംസാത്മകതയെയും പ്രതിലോമവികാരങ്ങളെയും ആവിഷ്കരിച്ചിരിക്കുന്നു. ഈ രണ്ടു കഥകളും വിശദമായി അവലോകനം ചെയ്ത് സമകാലികസമൂഹത്തിന്റെ മാറിയ ജീവിതവീക്ഷണങ്ങളെ വിലയിരുത്തുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

ചരിത്രാതീതകാലംമുതൽതന്നെ മനുഷ്യന്റെ കൂടെ ഉള്ളതാണ് ഭയം. പ്രകൃതിശക്തികളോടുള്ള ഭയത്തിൽ നിന്നാണല്ലോ ദൈവങ്ങളും മതങ്ങളുംതന്നെ രൂപപ്പെട്ടത്. അടിമകൾക്ക് ഉടമയോടുള്ള ഭയം, തൊഴിലാളികൾക്ക് മുതലാളിമാരോടുള്ള ഭയം, ജനങ്ങൾക്ക് ഏകാധിപതികളോടുള്ള ഭയം—ഇങ്ങനെ ഭയത്തിന് ചരിത്രപരമായ അസ്തിത്വവും കാരണങ്ങളും ഉണ്ട്. വൈയക്തികമായ ഉത്കണ്ഠകളിൽ നിന്നുണ്ടാകുന്നതാണ് വ്യക്തിപരമായ ഭയങ്ങൾ. എന്നാൽ ഒരു രാഷ്ട്രത്തിന്റെ

സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക സന്ദർഭങ്ങളിൽനിന്ന് ഉടലെടുക്കുന്നതാണ് ഒരു ജനതയുടെ/സമൂഹത്തിന്റെ ഭയം. വ്യക്തിപരമായ ഒരു ഭയം സമൂഹത്തിന്റെ ഭയമായി വികസിക്കുന്നത് ശിഹാബുദ്ദീന്റെ 'ഒരു പാട്ടിന്റെ ദൂരം' എന്ന കഥയെ ശ്രദ്ധേയമാക്കുന്നു. ഒരു സമൂഹത്തിന്റെ ഭയം രാഷ്ട്രത്തിന്റെ ഭയമായിപരിണമിക്കുന്നത് 'മതഭ്രാന്തൻ' എന്ന കഥയെ വ്യത്യസ്തമാക്കുന്നു.

2013-ൽ പ്രസിദ്ധീകരിച്ച ഏറ്റവും മികച്ച മലയാളചെറുകഥകളിലൊന്നാണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ 'ഒരു പാട്ടിന്റെ ദൂരം'. അനുഭവിപ്പിക്കുന്ന കഥയാണിതെന്ന് പറയാം. അല്ലി എന്നി കൗമാരപ്രായത്തിലുള്ള പെൺകുട്ടിയാണ് ഈ കഥയിലെ പ്രധാന കഥാപാത്രം. പ്ലസ് ടു പഠനംകഴിഞ്ഞ് എൻട്രൻസ് എഴുതികിട്ടി, മെഡിക്കൽ കോളേജിൽ പോകാൻ തയ്യാറായി നിൽക്കുന്ന പെൺകുട്ടിയാണ് അവൾ. അല്ലിയെ ചുറ്റിപ്പറ്റിയാണ് ഈ കഥയിലെ ഭയം വികസിപ്പിക്കുന്നത്. കഥയുടെ ആരംഭത്തിൽ തന്നെ പ്രായമായ പെൺകുട്ടികൾ സന്ധ്യകഴിഞ്ഞ് പുറത്ത് ഒറ്റയ്ക്ക് നിൽക്കരുത് എന്ന് പറഞ്ഞ് അമ്മ, അല്ലിയെ ശാസിക്കുന്നുണ്ട്. സ്ത്രീകളെക്കുറിച്ച് പൊതുസമൂഹം പുലർത്തുന്ന പരമ്പരാഗത കാഴ്ചപ്പാട് തന്നെയാണ് ഈ കഥയിലെ അമ്മയുടേതും. ദൂരെ കാട്ടുമുക്കിലുള്ള ഒരു കോളേജിലേക്ക് മകളെ പഠിക്കാൻ അയക്കാൻ അവർ വിമുഖയാണ്. അവൾ അങ്ങനെ ഒരു സ്ഥലത്ത് എങ്ങനെ താമസിക്കും, ആരാണ് അവളെ കൊണ്ടുപോവുകയും തിരികെ കൊണ്ടുവരികയും ചെയ്യുന്നതെന്നും അമ്മ ആശങ്കപ്പെടുന്നുണ്ട്. എന്നാൽ സ്ത്രീയ്ക്കുവേണ്ടത് സാമ്പത്തികസ്വാതന്ത്ര്യമാണെന്നും അങ്ങനെയാണെങ്കിലേ വിവാഹശേഷവും അവളുടെ ജീവിതം സന്തോഷപൂർണമാകു എന്നും പുരോഗമനവാദിയായ അച്ഛൻ മറുപടി നൽകുന്നുണ്ട്. പുരുഷാധികാരത്തിന്റെ പ്രച്ഛന്നരൂപമാണ് ഈ കഥയിലെ അമ്മ. 'ഉൽപാദനമണ്ഡലം പുരുഷനും പ്രത്യുൽപാദനമണ്ഡലം സ്ത്രീയ്ക്കുമായി നീക്കിവെയ്ക്കുന്ന ചൂഷകനീതിയെ സ്വാഭാവികവത്കരിച്ചും ആദർശവത്കരിച്ചുമാണ് അധികാരം വ്യത്യസ്തവിതാനങ്ങളിൽ ആധിപത്യം ഉറപ്പിക്കുന്നത്.'[1] ഇത്തരത്തിൽ പുരുഷാധികാരത്തിന്റെ പ്രത്യയശാസ്ത്രം ഈ കഥയുടെ അബോധതലത്തിൽ പ്രവർത്തിക്കുന്നതായി കണ്ടെത്താം.

കോളേജിൽചേർന്ന അല്ലിയ്ക്ക് അച്ഛൻ ഒരു മൊബൈൽ ഫോൺ വാങ്ങികൊടുക്കുമ്പോഴും അമ്മ ഉത്കണ്ഠാകുലയാകുന്നുണ്ട്. മൊബൈൽ വാങ്ങിക്കൊടുത്തതുകൊണ്ടാണ് രണ്ട് വീടിനപ്പുറത്തെ പെണ്ണ് ഒരു

ബസ്സ് ക്ലീനറോടൊപ്പം ഒളിച്ചുപോയതെന്ന് അമ്മപറയുമ്പോൾ ദൂരെ പഠിക്കുന്ന മകൾക്ക് തങ്ങളെ വിളിക്കാൻ മറ്റെന്താണ് വഴിയെന്ന് അച്ഛൻ ചോദിക്കുന്നുണ്ട്. മകളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തി ക്കുന്ന ഉൽപതിഷ്ണുവായ ഒരച്ഛനെയാണ് ഈ കഥയിൽ കാണാനാവുക. എന്നാൽ അമ്മയാകട്ടെ മൊബൈൽ ഫോൺവഴി ഉണ്ടാകുന്ന ചതിക്കു ഴികളെക്കുറിച്ച് പറഞ്ഞ് മകളെ തന്റെ ഉൽകണ്ഠകൾ അറിയിക്കുക യാണ്. അതിനാൽ താനാണ് മൊബൈൽ ഫോൺ ഉപയോഗിക്കു ന്നതെങ്കിലും അമ്മയാണ് അത് കൈയിൽവെച്ചു കൊണ്ടിരിക്കുന്ന തെന്ന് അല്ലിയ്ക്ക് തോന്നുമായിരുന്നു എന്ന് കഥയിൽ പറയുന്നുണ്ട്. തന്റെ ഇടിക്കുന്ന ചങ്കാണ് മകൾ മൊബൈലായികൊണ്ട് പോയിരി ക്കുന്നതെന്നാണ് അമ്മ വിചാരിച്ചത്. ഇവിടെ അമ്മയുടെ മനസ്സിലുള്ള ഭയം ഈ കാലഘട്ടത്തിൽ പെൺമക്കളുള്ള എല്ലാ അമ്മമാരുടെയും ഭയമായി മാറുന്നു. യഥാർത്ഥത്തിൽ ഈ ഭയമാണ് കഥയുടെ കേന്ദ്ര ബിന്ദുവായി വികസിക്കുന്നത്.

കൂട്ടുകുടുംബവ്യവസ്ഥ തകരുകയും അണുകുടുംബങ്ങൾ വർദ്ധിക്കുക യും ചെയ്തതോടെ ശിശുപരിപാലനം പൂർണ്ണമായും സ്ത്രീയുടെ ഉത്തര വാദിത്തമായി മാറി. 'കുട്ടികളെ ആധുനികലോകത്തിന് സജ്ജമാകും വിധം നിർമ്മിച്ചെടുക്കുന്ന സ്ഥാപനമായി കുടുംബം മാറിക്കഴിഞ്ഞിട്ടു ണ്ട്. ഈ ഘടനയിലൂന്നിയ ഗാർഹികമായ ഒരു മൂല്യവ്യവസ്ഥ പത്രം, ടി.വി, വനിതാമാസികകൾ മുതലായ വിപണി /സാംസ്കാരിക മേഖല കളിൽ നിന്നും സ്ത്രീകളിലേക്ക് എത്തുന്നുണ്ട്. വ്യാപകമായി ഉയർന്നു വന്ന അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ,കോച്ചിംഗ് ക്ലാ സ്സുകൾ തുടങ്ങിയവ സ്ത്രീയെ കൂടുതൽ കൂടുതൽ കുട്ടികളിലൂടെ ഗാർഹിക ഇടങ്ങളിലേക്ക് തള്ളി മാറ്റിക്കൊണ്ടിരിക്കുന്നു.'[3] ഇത്തരത്തിൽ വീട്ടു കാര്യങ്ങളിൽ വ്യാപൃതയായി കഴിയുന്ന ഒരു മധ്യവർഗ്ഗസ്ത്രീയ്ക്ക് മകളെ കുറിച്ചുണ്ടാകുന്ന ഉത്കണ്ഠയാണ് ഈ കഥയുടെ ന്യൂക്ലിയസ് എന്ന് തന്നെ പറയാം. അവരുടെ ലോകം മുഴുവൻ ഏകമകളിൽ കേന്ദ്രീക രിച്ചിരിക്കുന്നു. സമൂഹത്തിന്റെ പ്രശ്നങ്ങളിൽ നിന്നൊഴിഞ്ഞുമാറി വ്യ ക്തികേന്ദ്രിതമായ ജീവിതത്തിലേക്ക് ചുരുങ്ങുന്ന അരാഷ്ട്രീയമായ ഒരു മനസ്സിന്റെ ഉടമയാണ് ഈ കഥയിലെ അമ്മ. അതിനാലാണ് അടുത്ത ബന്ധുക്കളെ പോലും വിശ്വാസമില്ലാതിരുന്ന അല്ലിയുടെ അമ്മ, മകളെ അച്ഛൻ തന്നെ കോളേജിൽ കൊണ്ടുപോയാക്കണമെന്ന് ശഠിച്ചത്.

അല്ലിയുടെ അച്ഛന് ഓണാവധി കിട്ടാതെ പോയത് കഥയിലെ വഴിത്തിരിവാകുന്നു. അല്ലിയെ കോളേജിൽ കൊണ്ടുചെന്നാക്കാൻ

അത്തവണ അച്ഛനില്ല. അവധി കഴിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞിട്ടും അവളെ ഒറ്റയ്ക്ക് അമ്മ വിടുന്നില്ല. അല്ലിയ്ക്ക് ഇന്റേണൽ പരീക്ഷയുമായി. ഒടുവിൽ പാതിവഴിയിൽ അച്ഛൻ കാത്തു നിൽക്കാമെന്ന തീരുമാനത്തിൽ മനസ്സില്ലാമനസ്സോടെ അല്ലിയുടെ അമ്മ അവളെ വിടുന്നു. എന്നാൽ യാത്രയ്ക്കിടയിൽ ഉറങ്ങിപ്പോയ അവൾ കണ്ണ് തുറന്നപ്പോൾ അമ്മയുടെ 120 മിസ്സ്കോളുകളും അച്ഛന്റെ 3 മിസ്സ്കോളുകളുംകണ്ട് തിരിച്ച് വിളിക്കാനൊരുങ്ങവേ ഫോൺ ചാർജ്ജ് തീർന്ന് ഓഫായി. അപ്പോൾ മുതൽ അല്ലിയുടെ മനസ്സ് അവൾ സ്വയംനിർമ്മിച്ച ഭയത്തിന്റെ അടിമയായി. ബസ്സിൽ തൊട്ടടുത്തിരുന്ന സ്ത്രീയെ സംശയത്തോടെയാണവൾ വീക്ഷിക്കുന്നത്. അവരുടെ കണ്ണിലെ വാത്സല്യം അവൾക്ക് വിശ്വാസയോഗ്യമായി തോന്നി എന്ന് കഥയിൽ പറയുന്നുണ്ടെങ്കിലും, വാസ്തവം അങ്ങനെയല്ലായിരുന്നു എന്ന് കഥയിൽ നിന്ന് തന്നെ വായിച്ചെടുക്കാം. അവരുടെ നിഗൂഢമായ കണ്ണുകൾ തന്നെകുരുക്കാൻ കുറുക്കുവഴി തേടുന്നുണ്ടോ എന്നവൾ സംശയിക്കുന്നുണ്ട്. അവരുടെ ചിരി ഗൂഢമായിട്ടാണ് അല്ലിയ്ക്ക് തോന്നിയത്. വിശേഷങ്ങൾ പങ്കുവെച്ച ആ സ്ത്രീയുടെ ചലനങ്ങളിലും, കണ്ണുകളിലുമെല്ലാം അല്ലി അസാധാരണമായ നിഗൂഢതകൾ കണ്ടെത്തി. സിറ്റിയിൽ ബ്യൂട്ടീഷനാണ് എന്ന് പറഞ്ഞ അവർ, കസ്റ്റമേഴ്സിന്റെ സൗകര്യത്തിനനുസരിച്ച് നിന്നാൽ കൂടുതൽ പണം കിട്ടുമെന്നൊക്കെ പറഞ്ഞപ്പോൾ അല്ലിയുടെ ഉള്ളിൽ ഭയം നിറയുന്നു, അവളുടെ പ്രായം പതിനെട്ട് കഴിഞ്ഞോ എന്നുറപ്പ് വരുത്തിയ ശേഷം അവർ പെട്ടെന്നുതന്നെ ബസ്സ് നിറുത്താൻ പറയുകയും സ്ഥലമെത്തി എന്ന് പറഞ്ഞ് അവളുടെ കൈയ്ക്ക് പിടിച്ച് ബസ്സിൽ നിന്നിറങ്ങുകയും ചെയ്യുന്നു. അല്ലിയുടെ മനസ്സ് കൂടുതൽ ഭയചകിതമാകുന്നു. ഈ ഭയം കഥാന്ത്യം വരെ നിലനിർത്താനും എന്നാൽ പ്രസാദാത്മകവും, ശുഭാപ്തി വിശ്വാസപരവുമായ ചിന്തകളെ ഉണർത്താനും കഴിയുന്നു എന്നതാണ് 'ഒരു പാട്ടിന്റെ ദൂരം' എന്ന ഈ ചെറുകഥയുടെ മേന്മ.

ഭയത്തിന്റെ അന്തരീക്ഷം കഥാന്ത്യംവരെ നിലനിർത്താൻ സാധിച്ചിരിക്കുന്നു എന്നതാണ് ഈ കഥയുടെ ആഖ്യാനത്തിന്റെ സവിശേഷത. ഭയത്തിന്റെ ആവരണംകൊണ്ട് 'ഒരു പാട്ടിന്റെ ദൂരത്തി'ന്റെ അന്തരീക്ഷ സൃഷ്ടിയിൽ കഥാകൃത്ത് വൈദഗ്ധ്യം കാണിക്കുന്നു.

'1. ഒരു ഇളംകാറ്റ് പെട്ടെന്ന് ചെറുചുഴലിക്കാറ്റായി ശബ്ദമിട്ട് ദൂരത്തേക്ക് അദൃശ്യമായ ഒരു ഭീകരകഴുകൻ പോലെ പറന്നു പോയി.'

2. ചേച്ചി അകത്തു പോയതും ആരോ അമർത്തിപിടിച്ച് തേങ്ങും പോലെ അല്ലി കേട്ടു.'

വിജനമായ കാട്ടിൽ വഴികാട്ടിയ ചെറുപ്പക്കാരന്റെ പിന്നിലൂടെ നടന്ന അല്ലിയുടെ ഭയചകിതമായ മനസ്സിന്റെ ചിന്തകൾ മനോഹരമായി ഈ കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. താൻ എവിടെ വെച്ചാവും ആക്രമിക്കപ്പെടുകയെന്നും, അതിന് ആ ചെറുപ്പക്കാരന് കിട്ടുന്ന കൂലിയെന്താണെന്നും, ഒടുവിൽ ജീവനെങ്കിലും ബാക്കികിട്ടുമോ എന്നും അവൾ ഭയപ്പെടുന്നുണ്ട്. ഈ ഭയം ഉള്ളിലുള്ളതുകൊണ്ട് അല്ലിക്ക് വനത്തിന്റെ പാർശ്വത്തിലെ മുളങ്കൂട്ടം പല്ലിറുമ്മുന്നതായും, കോളേജ് ഹോസ്റ്റലിലേക്കുള്ളയാത്ര മരണപ്പൊത്തിലേക്കുള്ള യാത്രയായും അനുഭവപ്പെടുന്നു. ചെറുപ്പക്കാരന്റെ കൈയിലെ ട്രാൻസിസ്റ്ററിൽ നിന്നും കേൾക്കുന്ന ഗാനവും അല്ലിയുടെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കുന്നതാണ്. 'പൊട്ടിത്തകർന്ന കിനാവുകൊണ്ടൊരു പട്ടുനൂലുഞ്ഞാല് കെട്ടീ ഞാൻ' എന്ന പഴയ ചലച്ചിത്രഗാനമായിരുന്നു അത്. കാട്ടിലെ വാറ്റുചാരായത്തിന്റെ ഒഴിഞ്ഞ കുപ്പികളും, ബീഡിക്കുറ്റികളും, സിഗരറ്റുമെല്ലാം വരാൻ പോകുന്ന ഏതോ അപകടത്തിന്റെ സൂചനയായിട്ടാണ് അവൾക്ക് തോന്നിയത്. എന്നാൽ കഥാന്ത്യത്തിൽ ചെറുപ്പക്കാരൻ അല്ലിയുടെ ഹോസ്റ്റൽകെട്ടിടം ചൂണ്ടിക്കാണിക്കുമ്പോൾ മാത്രമാണ് അല്ലിയും വായനക്കാരും ആ ചെറുപ്പക്കാരനെ തെറ്റിദ്ധരിച്ചതാണെന്ന് വ്യക്തമാകുന്നത്. അവൾ ഹോസ്റ്റൽ ഗേറ്റിലേക്കു പ്രവേശിക്കും മുമ്പ് ബിയർകുപ്പിയുമായി ഒരു ആൺസംഘം വന്നെത്തുകയും അപ്പോൾ നേരത്തെ അല്ലി പേടിച്ചിരുന്ന ആ ചെറുപ്പക്കാരൻ അവളുടെ രക്ഷകനാകുകയും ചെയ്യുന്നു. ഒരു പാട്ട് കേൾക്കുന്ന ദൂരമത്രയും കൗമാരക്കാരിയായ ഒരു പെൺകുട്ടിയുടെ മനസ്സിലുള്ള വിഹ്വലതകളാണ് ഈ കഥയുടെ ഭാവബിന്ദു. സുരക്ഷിതത്വത്തെ കുറിച്ചുള്ള അല്ലിയുടെ ആശങ്ക, അവളുടെ അമ്മയുടെ ആശങ്കകൾ എന്നിവയെല്ലാം കേവലം വ്യക്തിതലത്തിനപ്പുറത്തേക്ക് വ്യാപിച്ച് സാമൂഹ്യതലത്തിലേക്ക് ഉയർന്നിരിക്കുന്നു എന്നതാണ് ഈ കഥയുടെ ആഖ്യാനപരമായ മേന്മ. സ്ത്രീകളുടെ സ്വതന്ത്ര്യവും, സുരക്ഷിതത്വവുമായി ബന്ധപ്പെട്ട പൊതുസമൂഹത്തിന്റെ ഉൽകണ്ഠകളാണ് ഈ കഥ പങ്കുവെയ്ക്കുന്നത്. 'കേരളത്തിൽ സ്ത്രീകൾ നേടിയ പല നേട്ടങ്ങൾക്കുംനേരെ പലതരത്തിലുള്ള തിരിച്ചടികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിലൊന്നാണ് സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ വർദ്ധിച്ച തോതിലുള്ള ലൈംഗികാക്രമണങ്ങൾ, രണ്ടുവയസ്സു മുതൽ എൺപതോ അതിലധികമോ

പ്രായമുള്ള സ്ത്രീകൾപോലും ഇവിടെ സുരക്ഷിതരല്ല. സ്ത്രീകൾ പലവിധത്തിൽ ചൂഷണം ചെയ്യപ്പെടുന്ന നമ്മുടെ സമൂഹത്തിൽ ലിംഗപദവി സംബന്ധിച്ച് നിലനിൽക്കുന്ന അസമത്വങ്ങളുടെ പ്രത്യാഘാതമായി'[4] ഇതിനെ കാണാമെന്ന് സി.എസ്. ചന്ദ്രിക നിരീക്ഷിക്കുന്നത്, വളരെ അർത്ഥവത്താണ്. ലിംഗപദവിയിലുള്ള അസമത്വം തന്നെയാണ്, ഇതിന്റെ ഹേതുവെന്ന് പറയാം.

മൊബൈൽപോലുള്ള സങ്കേതികവിദ്യകൾ പ്രത്യക്ഷത്തിൽ സ്ത്രീകൾക്ക് ഉപകാരപ്രദമാണെന്ന് തോന്നാമെങ്കിലും അവ പലപ്പോഴും സ്ത്രീവിരുദ്ധമാകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ക്യാമറയുള്ള മൊബൈലുകൾ പലപ്പോഴും അനുവാദമില്ലാതെ സ്ത്രീകളുടെ ചിത്രമെടുക്കാനും അത് ദുരുപയോഗപ്പെടുത്താനും ഇടയാകുന്നു. മാത്രവുമല്ല മൊബൈൽ പലപ്പോഴും സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യത്തിനും വിഘാതമാകുന്നു. എന്തുകൊണ്ടാണ് സ്ത്രീകൾ പലപ്പോഴും സാങ്കേതികവിദ്യകളെ ഭയക്കുന്നത് എന്ന് ചിന്തിച്ചാൽ സാങ്കേതികവിദ്യകൾക്കു പിന്നിലെ രാഷ്ട്രീയം വ്യക്തമാവും. സാങ്കേതികവിദ്യകൾ എല്ലാം തന്നെ പുരുഷാധിപത്യപരമാണ് എന്നതാണ് അതിനു കാരണം. അതിനാൽ തന്നെ പുരുഷാധിപത്യ വ്യവസ്ഥ നിർമ്മിച്ച സദാചാര സങ്കൽപങ്ങളുമായും ഈ സാങ്കേതികവിദ്യയ്ക്ക് ബന്ധമുണ്ടെന്ന് പറയാം. മോർഫ് ചെയ്ത് ഇന്റർനെറ്റിലൂടെ ആർക്കും ആരുടെയും നഗ്നചിത്രങ്ങൾ പ്രചരിപ്പിക്കാവുന്ന കാലഘട്ടമാണിത്. ഇത്തരം ചിത്രങ്ങൾ പ്രചരിപ്പിക്കുമെന്ന ഭീഷണിയിൽ ആത്മഹത്യ ചെയ്ത പല പെൺകുട്ടികളും കേരളത്തിലുണ്ട്. യാഥാസ്ഥിതിക സദാചാരസങ്കൽപത്തെ ഊട്ടിയുറപ്പിക്കുന്നവ തന്നെയാണ് പുത്തൻ സാങ്കേതിക വിദ്യകളും.

മതത്തിന്റെ പേരിൽ ഇരകളാക്കപ്പെടുന്ന നിസ്സഹായരായ മനുഷ്യരുടെ കഥയാണ് 'മതഭ്രാന്തൻ'. കഥയിലെ ഭ്രാന്തന് ഊരോപേരോ ഇല്ല. ആരോ ദീർഘദൂരബസ്സിൽ കയറ്റി വിട്ടതാണ് അയാളെ. താടിയും മുടിയും നീട്ടിയ വികൃത രൂപിയായ അയാളെ നഗരത്തിലെ ബോംബ് സ്ഫോടനത്തിൽ പോലീസ് പ്രതിയാക്കുന്നു. സി.സി.ടി.വി ദൃശ്യത്തിൽ ചവറുവീപ്പയിൽ അയാൾ എന്തോ നിക്ഷേപിക്കുന്നതായിട്ടാണ് പോലീസ് വ്യഖ്യാനിച്ചത്. യഥാർത്ഥത്തിൽ ഭ്രാന്തൻ ചവറുവീപ്പയിൽ നിന്ന് വിശപ്പടക്കാൻ എച്ചിൽപ്പൊതി എടുത്തതായിരുന്നു. തുടർന്ന് ഒരു നിരപരാധിയെ കൊടുംഭീകരനാക്കി ചിത്രീകരിക്കുന്നതാണ് കഥയിൽ കാണുന്നത്. ഭ്രാന്തന്റെ ശരീരഭാഷയെ ഭീകരന്റെ ശരീര ഭാഷയായി ഭീകരവിരുദ്ധ സ്ക്വാഡ് വ്യഖ്യാനിക്കുന്നു.

'പൊതി വീപ്പയിലേക്ക വെക്കുകയോ എടുക്കുകയോ ചെയ്യുന്ന ഒരാൾ എന്തിനാണ് ഭയാശങ്കകളോടെ മുഖം തിരിച്ച് സംശയാസ്പദമായി കൃഷ്ണമണികൾ ഇങ്ങേകോൺ വരെ ഉരുട്ടുന്നത്.'?[5] 'രണ്ടാം പകുതി– കൃത്യനിർവഹണത്തിനിടയ്ക്ക് തിരിഞ്ഞ് സംശയാസ്പദമായി ആൾക്കൂട്ട ത്തെ ഒന്നു പാളി നോക്കുന്നു.'[6] താടിയുള്ള അയാളെ പോലീസുകാർ കാശ്മീരിയാക്കി .

സി.സി.ടി.വി ദൃശ്യങ്ങളാണ് ഭ്രാന്തനെ കുറ്റവാളിയാക്കിയത്. ഭ്രാന്തൻ ചവറുവീപ്പയിൽ നിന്ന് ഭക്ഷണപ്പൊതി എടുത്തതാണ്. എന്നാൽ പൊതി എടുത്തതാണോ, വെച്ചതാണോ എന്ന് ദൃശ്യത്തിൽ നിന്ന് പൂർണമായും വ്യക്തമാവുന്നില്ല എന്ന് അന്വേഷണ ഉദ്യോ ഗസ്ഥൻ തന്നെ പറയുന്നുണ്ട്. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ലോകം പൂർണമായും യാഥാർത്ഥ്യമല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. മാധ്യമങ്ങളുടെ ലോകം മിഥ്യകളെ യാഥാർത്ഥ്യമായി ചിത്രീകരിക്കാ നാണ് ശ്രമിക്കുന്നത്. 'എക്സ്ക്ലൂസിവ്' വാർത്തകൾക്കുവേണ്ടി ഓരോ ചാനലും മത്സരിക്കുന്ന കാലമാണിത്. അതിനാൽ യാഥാർത്ഥ്യം എന്ന രീതിയിൽ മിഥ്യകളെ അവതരിപ്പിക്കുകയാണ് പല മാധ്യമങ്ങ ളും ചെയ്യുന്നത്.

ചിത്തഭ്രമമുള്ള അയാൾ പോലീസുകാർ ചോദിച്ചതെല്ലാം സമ്മതി ച്ചു കൊടുത്തു. താൻ ഒരു അധോലോകനായകനായി സിനിമയിൽ അഭിനയിക്കുകയാണ് എന്നാണ് അയാൾ ധരിച്ചത്. അലാവു ദ്ദീൻ കിൽജി എന്നാണ് അയാൾ പേരുപറഞ്ഞത്. കശ്മീർ ആണോ സ്ഥലം എന്ന പോലീസുകാരന്റെ ചോദ്യത്തിന് അതേ എന്നും മറുപടി കൊടുത്തു. ചോദ്യം ചെയ്യലിനിടെ ഇടയ്ക്ക് ഭക്ഷണം ചോദിക്കുന്ന അയാളിൽ എന്തോ ഒരു അസ്വഭാവികത ഒരു ഉദ്യോഗസ്ഥൻ സംശ യിക്കുന്നുണ്ട്. എന്നാൽ സൈക്കോളജിസ്റ്റ് താൻ അമേരിക്കൻ യൂണി വേഴ്സിറ്റിയിൽ നിന്നാണ് ഡോക്ടറേറ്റ് എടുത്തതെന്ന് പറഞ്ഞ് ആ സംശയം പുച്ഛിച്ചു തള്ളുകയാണ് ഉണ്ടായത്. ഒരു പകൽ നീണ്ടുനിന്ന ചോദ്യം ചെയ്യലിനും ഭേദ്യം ചെയ്യലിനും ശേഷം അയാൾ എല്ലാ കുറ്റ ങ്ങളും ഏറ്റു. നഗരത്തിൽ ഏതേതു സ്ഥലങ്ങളിൽ ബോംബ് വെച്ചിട്ടു ണ്ട് എന്നചോദ്യത്തിന് മാത്രം അയാൾക്ക് ഉത്തരംനൽകാൻ സാധി ച്ചില്ല. പിന്നീട് കഥ യഥാർത്ഥത്തിൽ അയാൾ ആരായിരുന്നു എന്ന ചെറിയ സൂചന നൽകുന്നു. ഒരിക്കൽ പോലീസുകാരാൽ ഉന്മാദിയാക്ക പ്പെട്ടവനാണയാൾ. ഇപ്പോൾ പോലീസുകാരാൽ അയാൾ ഭീകരനും കൊടും കുറ്റവാളിയുമായി ചിത്രീകരിക്കപ്പെടുന്നു. വെറും നിലത്ത്

കമിഴ്ന്ന കിടക്കുന്ന അയാളുടെ ദൈന്യതയാർന്ന ചിത്രത്തിലാണ് കഥ അവസാനിപ്പിക്കുന്നത്.

ഭ്രാന്തനെ കുറ്റവാളിയായി കണ്ടെത്താൻ പോലീസിനെ പ്രേരിപ്പിച്ചത് ചവറ് വീപ്പയിൽനിന്ന് അയാൾ പൊതി എടുക്കുന്നതുകണ്ട സി.സി.ടി.വി ദൃശ്യങ്ങളാണ്. എന്നാൽ അത് പൊതി എടുക്കുന്നതോ വയ്ക്കുന്നതോ എന്ന് അവർക്ക് വ്യക്തമായില്ല. പിന്നെ ഭ്രാന്തന്റെ താടിയും ശരീരഭാഷയും കൂടാതെ അയാൾ പറഞ്ഞ മുസ്ലീം പേരും എല്ലാം അയാളെ ഭീകരനാക്കി. ഒരാൾ താടിവെച്ചാൽ, മുസ്ലീമായാൽ അയാൾ ഏതു കുറ്റകൃത്യത്തിനും അറസ്റ്റ് ചെയ്യപ്പെടാമെന്ന അവസ്ഥയാണ് ഇന്ന് പല ലോകരാഷ്ട്രങ്ങളിലുമുള്ളത്.

'കേരളത്തിൽ ഇസ്ലാംഭീതി പലവിധത്തിൽ വളരുന്നുണ്ട്. ഈ മാറ്റം ദൃശ്യമാകുന്നുമുണ്ട്.'[7] ദൃശ്യമാധ്യമങ്ങളിലും പലപ്പോഴും മുസ്ലീം വിരുദ്ധമായ വാർത്തകൾ പ്രത്യക്ഷപ്പെടാറുണ്ട്. പൊതുസമൂഹം ഇസ്ലാംമതത്തിൽപ്പെട്ടവരെ അപരരായി കാണുന്ന പ്രവണതയാണുള്ളത്. 'സ്വതന്ത്ര ഇന്ത്യയിൽ നിന്ന് പിരിഞ്ഞുപോയവർ മാത്രമല്ല, ഇവിടെയുള്ള മുസ്ലീമുകൾക്കൂടി ഇന്ത്യക്കു ആപത്താണെന്നാണ് ചിലർ പറയുന്നത്. മുസ്ലീമുകൾ വംശവർദ്ധനയുള്ള ഒരു ജനസ്സായതുകൊണ്ട് ഇവർ ഭൂരിപക്ഷമാകുമെന്നും അതിനാലിവരെ ആട്ടിപ്പായിക്കണമെന്നുമാണ് ഇന്ത്യൻ ഫാസിസം പ്രചരിപ്പിക്കുന്നത്.'[8] ഇത്തരം ചിന്താഗതികൾ പൊതുസമൂഹത്തിലാകെ പടർത്താനും അവർക്ക് സാധിച്ചിട്ടുണ്ട്. ഭയവും മുൻവിധികളുമെല്ലാം നിരപരാധികളായ മുസ്ലീം സഹോദരങ്ങളെയും പ്രതിക്കൂട്ടിലാക്കുന്നു. സമൂഹത്തിന്റെ ഈ മുസ്ലീം അപരവത്കരണം ശിഹാബുദ്ദീന്റെ മതഭ്രാന്തൻ എന്ന കഥയിൽ ശക്തമായി ആവിഷ്കരിച്ചിരിക്കുന്നു.

ഭീതിപ്പെടുത്തുക എന്നത് ഫാസിസത്തിന്റെ തന്ത്രമാണ്. ഹിറ്റ്ലറെയും, മുസ്സോളിനിയെയും പോലുള്ള സ്വേച്ഛാധിപതികൾ ചെയ്തിരുന്നതും അതാണല്ലോ കുറെ നിരപരാധികളെ കൊന്നൊടുക്കിയും ബാക്കിയുള്ളവരെ പേടിപ്പിച്ചും അധികാരത്തിന്റെ ബലതന്ത്രം വർത്തിച്ചത് അടിയന്തരവസ്ഥക്കാലത്ത് ഇന്ത്യയിൽ നാം കണ്ടതാണ്. 'ലോകത്തെങ്ങും ഫാസിസം അതിന്റെ സ്വാധീനം ഉറപ്പിക്കാൻ സ്വീകരിക്കുന്ന പല വഴികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ഒരു ജനതയെ ഭീതിയ്ക്ക് അടിമപ്പെടുത്തുക എന്നതാണ്. ഹിറ്റ്ലർ ആക്രമണം നടത്തുക മാത്രമല്ല നടത്തിയ ആക്രമണങ്ങളെ വീണ്ടും വീണ്ടും പുനരവതരിപ്പിച്ച്

അതിലാഹ്ലാദിക്കുകയും ചെയ്തു'.[9] ഹിംസയാണ് ഫാസിസ്റ്റുകളുടെ മാർഗം. 'മതഭ്രാന്തൻ' എന്ന കഥയിൽ പലവിധ പീഡനങ്ങൾ നടത്തിയാണ് ഭ്രാന്തനെ കുറ്റക്കാരനാക്കുന്നത്. പീഡനം സഹിക്കവയ്യാതെ എല്ലാ കുറ്റവും അയാൾ ഏൽക്കുന്നു. എന്നാൽ നഗരത്തിൽ ഇനി എവിടെയെല്ലാമാണ് ബോംബ് പൊട്ടുന്നതെന്ന് മാത്രം അയാളെക്കൊണ്ട് പറയിക്കാൻ പോലീസുകാർക്കായില്ല.

ഇന്ത്യയിൽ ന്യൂനപക്ഷപീഡനം ഏറിവരുന്ന കാലമാണിത്. സിഖ്വിരുദ്ധകലാപവും, ബാബ്റിമസ്ജിദ് തകർത്തതിനെ തുടർന്നുള്ള പ്രക്ഷോഭങ്ങളും, ഒറീസയിൽ ക്രിസ്ത്യൻ മിഷ്ണറിയെ ചുട്ടെരിച്ച സംഭവവും ഓർമ്മക്കുക. തീവ്രവാദികളാകട്ടെ, ഉണ്ടാവുകയല്ല ഉണ്ടാക്കപ്പെടുകയാണ്. പോലീസ് തിരക്കഥയൊരുക്കിയ പ്രഹസനത്തിലെ ഇരകളായാണ് അവർ നിർമ്മിക്കപ്പെടുന്നത്. ഭരണകൂടഭീകരതയുടെ ഇരകളാകുന്നത് പലപ്പോഴും ന്യൂനപക്ഷ,സമുദായത്തിൽ ജനിച്ചവരായിരിക്കും. 'മതഭ്രാന്ത'നിലെ ഭ്രാന്തനെ പോലെ പലരും തീവ്രവാദികളായി മുദ്രയടിക്കപ്പെട്ട് ജീവിക്കുന്ന രക്തസാക്ഷികളാകുന്നു.

'ഒരു പാട്ടിന്റെ ദൂരം' സ്ത്രീസുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവെയ്ക്കുന്ന ആദ്യന്തം ഉദ്വേഗഭരിതമായ കഥയാണ്. ഒരു പെൺകുഞ്ഞ് പിറന്നു വീഴുന്നത് തന്നെ ഭയത്താൽ ആവരണം ചെയ്യപ്പെട്ടാണ്. ഇന്ത്യയിലെ സ്ത്രീപീഡനനിരക്കുകളുടെ എണ്ണം ഞെട്ടിക്കുന്നതാണ്. അതു പോലെതന്നെയാണ് ഒരു പ്രത്യേക മതവിഭാഗത്തിൽ ജനിച്ചു എന്നതിനാൽ മാത്രം തെളിവുകളൊന്നുമില്ലെങ്കിലും ജയിലിൽ അടയ്ക്കപ്പെടുന്നവരുടെ എണ്ണവും. 'മതഭ്രാന്തൻ' ആകട്ടെ കേവലം ഒരു സമൂഹത്തിന്റെ മാത്രമല്ല രാഷ്ട്രത്തിന്റെ ഭയത്തേയും പ്രതിനിധീകരിക്കുന്നു. ഹൃദയസ്പർശിയായ ആഖ്യാനം ഈ രണ്ടു കഥകളുടെയും സവിശേഷതയാണ്.

## കുറിപ്പുകൾ

1 കെ.ഇ..എൻ. കുഞ്ഞഹമ്മദ് 2012, കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും, ലീഡ് ബുക്സ് കോഴിക്കോട്, പുറം - 08.

2 ഉഷാകുമാരി. ജി., 2013, ഉടൽ ഒരു നെയ്ത്ത്, SPCS, കോട്ടയം, പുറം 59.

3 ചന്ദ്രിക.എസ്.2008, ആർത്തവമുള്ള സ്ത്രീകൾ, ഫേബിയൻ ബുക്സ്, മാവേലിക്കര, പുറം 59.

4 രണ്ട് എളേപ്പമാർ, 2013, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, ഡി.സി.ബി. കോട്ടയം, പുറം 23.
5 കെ.ഇ.എൻ., 2004, ശ്മശാനങ്ങൾക്ക് സ്മാരകങ്ങളോട് പറയാനാവാത്തത്, ഫാറൂഖ് കോളേജ് പബ്ലിക്കേഷൻ ഡിവിഷൻ, കോഴിക്കോട്, പുറം 268.
6 ദേവിക.ജെ., 2013 പൗരിയുടെ നോട്ടങ്ങൾ, ഒലീവ് ബുക്സ്, കോഴിക്കോട്, പുറം 23.
7 വിജയൻ.എം.എൻ, 2014, മതം മാനവികത, എഡിറ്റർ സുബൈർ.വി, ഒലീവ് ബുക്സ്, കോഴിക്കോട്, പുറം 88.

ദിവ്യധർമ്മദത്തൻ
HSST മലയാളം
G.H.S.S. പൂങ്കുന്നം, തൃശ്ശൂർ.
റിസർച്ച് സ്കോളർ
മലയാളവിഭാഗം
യു സി കോളേജ്, ആലുവ.